ജനുവരി – ഏപ്രിൽ 2008

11 12

ഭാരതീയ വൈദ്യ

# സംവാദം

വൈദ്യഭൂഷണം കെ. രാഘവൻ തിരുമുൽപ്പാട് ഫൗണ്ടേഷൻ
ഫോർ ആയുർവേദിക് സ്റ്റഡീസ്



## വി.എം. കുട്ടികൃഷ്ണമേനോൻ അനുസ്മരണപതിപ്പ്

# ക്രിയാകൗമുദി
## ഒരു പരിചയം

ഡോ. സി.കെ. കൃഷ്ണൻ നായർ
പ്രൊഫസർ, ആയുർവേദകോളേജ്, തൃപ്പൂണിത്തുറ

"..... ഭാവിയിലെ ഒരു കാലഘട്ടത്തെ ഉദ്ദേശിച്ചാണ് പ്രധാനമായും ഈ ഗ്രന്ഥത്തിന്റെ ഉൽപ്പത്തി എന്ന് പറയുന്നതിൽ തെറ്റില്ല. അതുകൊണ്ട് തന്നെയാണ് പ്രായോഗിക ചികിത്സയ്ക്ക് ഒരു പക്ഷെ ആവശ്യമുള്ളതിൽ കൂടുതൽ യോഗങ്ങൾ ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. സാമഗ്രികൾ വർദ്ധിക്കുന്നതിനനുസരിച്ച് ഗവേഷകന്റെ തരതമ നിർണ്ണയത്തിനും സാദ്ധ്യത വർദ്ധിക്കും. അല്ലെങ്കിൽ തന്നെ പല കാലങ്ങളിലായി പലരാലും പ്രയോഗിക്കപ്പെട്ടിരുന്നവയെ ക്രോഡീകരിക്കുകയെന്നത് കേരളീയവിഷചികിത്സാ ചരിത്രത്തിന്റെ രേഖയായിട്ടെങ്കിലും അവശേഷിക്കുമല്ലോ. ദേശഭേദവും, കാലഭേദവും അനുസരിച്ച് പെട്ടെന്ന് ലഭ്യമാകാവുന്ന ഔഷധങ്ങളെ തിരഞ്ഞെടുക്കുവാനും അത് ഉപകരിക്കും.

വിജ്ഞാനതൃഷ്ണകൊണ്ട് മാത്രം നടത്തിയ വളരെ കാലത്തെ അന്വേഷണം ഈ ഗ്രന്ഥത്തിന് അടിസ്ഥാനമായിട്ടുണ്ട്. സംസ്കൃതത്തിലും, പ്രാകൃതത്തിലും, മലയാളത്തിലും, തമിഴിലുമായി കൈയ്യിൽ ഒത്തുകിട്ടിയ ഗ്രന്ഥങ്ങളെല്ലാം 'പിരിശോധിച്ചിട്ടുണ്ട്."

മേൽപ്പറഞ്ഞത് 'ക്രിയാ കൗമുദി' എന്ന ഗ്രന്ഥത്തിന്റെ മുഖവുരയിൽ അതിന്റെ കർത്താവ് യശശ്ശരീരനായ ശ്രീ. വി.എം.കുട്ടികൃ

ഷ്ണമേനോൻ രേഖപ്പെടുത്തിയ വാക്കുകളാണ്. ഒരു ജീവിത സപര്യയുടെ ഭാവിതലമുറയ്ക്കുള്ള സമ്മാനമാണ് ഈടുറ്റ ഈ ഗ്രന്ഥം. ക്ലിഷ്ടവും, ദുർഗ്രാഹ്യവുമായ വിവിധ ഭാഷകളിലെ വിവിധ ഗ്രന്ഥങ്ങൾ സശ്രദ്ധം പഠിച്ച് സ്വകീയമായി മൊഴിമാറ്റം ചെയ്യപ്പെട്ട ഈ ഗ്രന്ഥം ആയുർവ്വേദ ലോകത്തിന് എന്നെന്നും അമൂല്യമായിരിക്കും.

വിഷസാമാന്യം, ഉരഗവിഷസാമാന്യം, മരണ മൃതലക്ഷണം, മൂർഖവിഷം, മണ്ഡലീവിഷം രാജിലവിഷം, വ്യന്തരാദിവിഷം, ഉരഗവിഷസാമാന്യ ചികിത്സ, ഉരഗവിഷോപദ്രവം, ക്രിയാക്രമം, ആഖുവിഷം, ചതുഷ്പാദാദി വിഷം, കീടാദിവിഷം, ക്ഷുദ്രവിഷം, സ്ഥാവരവിഷം എന്നിങ്ങനെയുള്ള പ്രകരണങ്ങളിലായി അഗദതന്ത്രത്തെ ക്രിയാകൗമുദിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. കൂടാതെ അനുബന്ധമായി ദൂതലക്ഷണങ്ങൾ, ശുദ്ധിവിധികൾ, ചില ലേഖനങ്ങൾ, ക്ലിഷ്ടപദങ്ങളുടെ അർത്ഥങ്ങൾ എന്നിവയും കൊടുത്തിരിക്കുന്നു.

ഇതിൽ ഒന്നാമതായ വിഷസാമാന്യപ്രകരണത്തിൽ വിഷത്തിന്റെ നിർവ്വചനം, പാഞ്ചഭൗതികത്വം, ഗുണങ്ങളും അവയുടെ ശാരീരിക പ്രവൃത്തികളും, ത്രിദോഷത്വം എന്നിവയെ വിവരിച്ചിരിക്കുന്നു.

ഉരഗവിഭാഗങ്ങളും ദംശഭേദങ്ങളും വിവരിക്കുന്ന അടുത്ത പ്രകരണം ഉരഗവിഷസാമാന്യം ആണ്. വിഷവേഗങ്ങളെ സംബന്ധിച്ചുള്ള മതാന്തരങ്ങളും, തദനുസരണമായ ലക്ഷണങ്ങളും വിശദമായി പ്രതിപാദിച്ചിരിക്കുന്നു. വിഷപ്പല്ലുകൾ 4 ആണെന്നും, 9 ആണെന്നും ഉള്ള വിവാദങ്ങളും, അവയുടെ പേരുകളും, വിജ്ഞാന കുതുകികൾക്ക് കൗതുകമേകുന്നവയാണ്. വിഷവേഗങ്ങൾക്കനുസരണമായ സദ്യചികിത്സകളിൽ വിശ്വദുസ്പർശ മരിച വിഷവേഗങ്ങളെന്നിവ തുല്യം കൂട്ടി ചവിച്ചിട്ട് ഊതുന്നത് ആദ്യത്തെ 3 വേഗങ്ങൾക്ക് മതിയാകുമെന്ന് പറഞ്ഞിരിക്കുന്നു. ചതുർവിംശതി ഉപക്രമങ്ങളിൽ ഹൃദയാവരണത്തെ പ്രത്യേകം പ്രസ്താവിക്കുന്നുണ്ട്.

മരണമൃതലക്ഷണ പ്രകരണത്തിൽ പേര് ദ്യോതിപ്പിക്കുന്നതുപോലെ തന്നെ ആസന്ന മരണലക്ഷണങ്ങളും, മൃതലക്ഷണങ്ങളും

വിവരിച്ചിട്ടുണ്ട്. ഏത് സർപ്പമാണ് ദംശിച്ചത് എന്ന് വ്യവച്ഛേദിച്ച് മനസ്സിലാക്കാനുള്ള ഉപായങ്ങളും ഇവിടെ കാണാം. ഉദാഹരണത്തിന്,

മൂർഖാദികൾ കടിച്ചീടിലുങ്ങിൽ തൊലി യഥാക്രമം
മധുരിക്കുമെരിച്ചീടും കയ്ക്കും ദഷ്ടന്നു നിർണ്ണയം .
(ശ്ലോകം 208)

പിന്നീടുള്ള മൂർഖവിഷപ്രകരണം, മണ്ഡലീവിഷപ്രകരണം, രാജിലവിഷപ്രകരണം എന്നീ ഭാഗങ്ങളിൽ ക്രമത്തിലുള്ള ലക്ഷണങ്ങൾ, ചികിത്സകൾ, ഓരോന്നിന്റേയും ഉപദ്രവങ്ങളുടെ ചികിത്സകൾ എന്നിങ്ങനെ എണ്ണമറ്റ വസ്തുതകൾ നിറഞ്ഞിരിക്കുന്നു. വ്യന്തരാദി വിഷപ്രകരണത്തിൽ മറ്റ് സർപ്പങ്ങളുടെയും പ്രത്യേകമായി കടൽപാമ്പിന്റേയും ഒടിവിഷത്തിന്റെയും, ലക്ഷണങ്ങളും ചികിത്സകളും വർണ്ണിച്ചിരിക്കുന്നത് ഏതൊരാളിലും കൗതുകമുണർത്തും. ഉരഗവിഷസാമാന്യ ചികിത്സാ പ്രകരണത്തിലെ കോൽപ്രയോഗം ഒരു പ്രത്യേകതയാണ്. രസഗുളിക, മൃതസഞ്ജീവനി കുഴമ്പ്, വിഷക്കല്ല് നിർമ്മാണം, വിഷവില്വാദി മോഹനാശിനി തൈലം തുടങ്ങിയ 125 ഓളം അപൂർവ്വയോഗങ്ങൾ 140 പേജുകളിലായി വിവരിച്ചിരിക്കുന്നു.

പൊതുവായ സർപ്പവിഷ ഉപദ്രവങ്ങൾക്ക്, ഉരഗവിഷ ഉപദ്രവ പ്രകരണത്തിൽ വളരെ വിശദമായി ചികിത്സ നിർദ്ദേശിച്ചിട്ടുണ്ട്. ക്രിയാക്രമപ്രകരണത്തിലാകട്ടെ വിഷാതുരന്റെ പഥ്യക്രമങ്ങൾ, അപഥ്യങ്ങൾ, പേയാപ്രയോഗങ്ങൾ എന്നിവ കൊടുത്തിരിക്കുന്നു. ആഖുവിഷപ്രകരണത്തിൽ ലക്ഷണവിഭാഗം, ചികിത്സകൾ, ഉപദ്രവ പരിഹാരങ്ങൾ എന്നിവ നൽകിയിട്ടുണ്ട്. ചതുഷ്പാദാദി വിഷപ്രകരണത്തിൽ ശ്വാനൻ, ഉഷ്ട്രം, ശാർദൂലം, കരടി, അശ്വം, ഗർദഭം, ഗജം എന്നിങ്ങനെയുള്ളവയുടെ വിഷമേറ്റാലുള്ള പ്രതിക്രിയകളും ഈ വക നാൽക്കാലികൾക്ക് വിഷപ്പെട്ടാൽ ചെയ്യേണ്ട കാര്യങ്ങളും വിശദമാക്കുന്നു. പേപ്പട്ടി കടിച്ചാൽ പേയിളകുവാതെ ഇരിക്കുവാനായി ഗുപ്തപ്രയോഗങ്ങൾ കാണുന്നു. പരീക്ഷിക്കപ്പെടേണ്ട പ്രയോഗങ്ങളിൽ ഒന്നുമാത്രമാണിത്. കീടാദിവിഷപ്രകരണത്തിൽ വൃശ്ചീകം, ലൂതകൾ

ഉൾപ്പെടെ നിത്യജീവിതത്തിൽ ഏൽക്കേണ്ടിവരുന്ന നിരവധി കീടങ്ങളുടെ ആക്രമണത്താലുളവാകുന്ന ദീനങ്ങളുടെ പ്രതിക്രിയകളും അനുബന്ധപ്രയോഗങ്ങളും വിവരിച്ചിരിക്കുന്നു. ഇവയിലൊന്നും പെടാതെയുള്ള മനുഷ്യൻ, മർക്കടൻ, മാർജ്ജാരൻ, മത്സ്യം തുടങ്ങിയവയുടെ വിഷലക്ഷണപ്രതികാരങ്ങൾ ക്ഷുദ്രവിഷപ്രകരണത്തിൽ വിവരിച്ചിരിക്കുകയാണ്.

പിന്നീട് വിവരിക്കുന്ന സ്ഥാവരവിഷപ്രകരണത്തിൽ വിവിധ സ്ഥാവരവസ്തുക്കളുടെ വളരെ വിശദമായ ഒരു വർണ്ണന തന്നെ കാണാം. പച്ചവെള്ളത്തിനു പോലും വിഷപ്രതിരോധ നിർദ്ദേശങ്ങൾ കൊടുത്തിരിക്കുന്നു. ഉമ്മം, എരുക്ക്, കറുപ്പ്, അന്നഭേദി, ഗന്ധകം, തുരിശ്, സ്വർണ്ണം, മോര്, പാൽ, നെയ്യ്, തൈര്, അവൽ, മലര്, കോഴിമുട്ട, ചുക്ക്, നാളികേരം, എള്ളെണ്ണ, അടയ്ക്ക എന്നിങ്ങനെ തുടങ്ങി ശർക്കര, കുരുമുളക് വരെയുള്ള ഏകദേശം 175 ഓളം വസ്തുക്കളുടെ വിഷലക്ഷണങ്ങളും, പ്രതിവിധികളും കൊടുത്തിട്ടുണ്ട്. നമുക്ക് ചുറ്റുപാടുമുള്ള മിക്കവാറും വസ്തുക്കളെ ഇതിൽ കൊടുത്തിരിക്കുന്നത് അത്ഭുതമുളവാക്കുന്നതാണ്.

തുടർന്ന് ഒന്നാമത്തെ അനുബന്ധത്തിൽ ദംശബന്ധിയായ സമയഭേദങ്ങൾ, ദൂതലക്ഷണം, ശരപരീക്ഷ, ശകുനങ്ങൾ എന്നിവയും അടുത്ത 40 പേജുകളിലായി കൊടുത്തിരിക്കുന്നു. പിന്നീട് നാനാ വിധത്തിലുള്ള വസ്തുക്കളുടെ ശുദ്ധിവിധികളാണ് രണ്ടാമത്തെ അനുബന്ധത്തിൽ കാണുന്നത്. അപ്രകാരം ഏകദേശം 145ഓളം വസ്തുക്കളുടെ ശുദ്ധിക്രമം പറയുന്നത് ഏത് വൈദ്യ വിദ്യാർത്ഥികളുടെയും സംശയം നിവൃത്തി വരുത്തുന്നതാണ്. മൂന്നാമത്തെ അനുബന്ധത്തിൽ ചില വിഷവൈദ്യചിന്തകളാണ് ഉള്ളത്. വിഷവൈദ്യന്മാർക്ക് ഇടക്കാലത്ത് നേരിടേണ്ടിവരുന്ന സമൂഹത്തിന്റെ മറുപകുതിയുടെ വെല്ലുവിളികൾക്കുള്ള മറുപടിയാണ് ഇതിലുള്ളത്. ഗ്രന്ഥം തുടക്കത്തിൽ വായിക്കുന്നതിനുമുമ്പായി തന്നെ അനുബന്ധം വായിച്ചു നോക്കുന്നത് എത്രയും പ്രാധാന്യമേറിയതായിരിക്കുന്നു.


AHSRC, Kottakkal
കോട്ടയ്ക്കലിന്റെ സാന്ത്വനസ്പർശം
ആരോഗ്യസംരക്ഷണത്തിന് ലോകമിന്ന് ഉറ്റുനോക്കുന്നത് ആയുർവേദത്തിലേക്കാണ്. കഴിഞ്ഞ നൂറ്റാണ്ടിൽ ആയുർവേദത്തിന്റെ നവോത്ഥാനത്തിന് വഴിതെളിയിച്ചത് വൈദ്യരത്നം പി.എസ്. വാരിയർ ആണ്. 1902-ൽ അദ്ദേഹം സ്ഥാപിച്ച കോട്ടയ്ക്കൽ ആര്യവൈദ്യശാലയാണ് ലോകഭൂപടത്തിൽ ആയുർവേദത്തെ അടയാളപ്പെടുത്തിയത്.
AYURVEDA - THE AUTHENTIC WAY
Vaidyaratnam P.S. Varier's
ARYA VAIDYA SALA
(A CHARITABLE TRUST)
KOTTAKKAL-676 503, KERALA
Tel: 0483-2808000, 2742216, Fax:2742572, 2742210
E-mail: mail@aryavaidyasala.com / avsho@sancharnet.in Web: www.aryavaidyasala.com
ഡൽഹിയിലും കോട്ടയ്ക്കലും എറണാകുളത്തും കൊൽക്കത്തയിലും ആശുപത്രികൾ | കോട്ടയ്ക്കൽ ചാരിറ്റബിൾ ഹോസ്പിറ്റൽ | കോട്ടയ്ക്കലും കഞ്ചിക്കോട്ടും ഔഷധനിർമ്മാണഫാക്ടറികൾ | അഞ്ഞൂറിലധികം ശാസ്ത്രീയ ഔഷധങ്ങൾ | ഗവേഷണത്തിനും പ്രസിദ്ധീകരണത്തിനും പ്രത്യേകം വിഭാഗങ്ങൾ | ഔഷധത്തോട്ടങ്ങൾ | ഔഷധസസ്യഗവേഷണകേന്ദ്രം | ആയുർവേദപഠനസൗകര്യങ്ങൾ | 20 ശാഖകൾ, 1200-ലധികം അംഗീകൃത വിതരണക്കാർ | പി.എസ്.വി. നാട്യസംഘം | വൈദ്യരത്നം പി.എസ്. വാരിയർ മ്യൂസിയം